# ‘VANITA RETNA’- PROJECT IMPLEMENTATION

The project Proposal entitled ‘Vanita Retna’ submitted from MACFAST was one among the 10 winning projects in the Diversity Contest, organized by the UNAI, co-sponsored by the UNHATE Foundation. The project is to help indigenous teenage girls to have access to professional education and thus uplift them to the mainstream. College will be receiving a grant worth €20000 for the implementation of the project.

The project was submitted by Ms. Angel George (Asst. Professor, Dept. of Computer Applications). The project team from MACFAST constitutes of Rev. Fr. Pradeep Vazhatharamalayil (Principal), Mr. Sanesh Varghese (Deputy Director), Mr. Shibu Itty Mathew (Asst. Professor). The result announcement was on 26-06-2015 in a press conference at the UN Headquarters, New York. Our founder Principal, Rev. Dr. Abraham Mulamoottil, represented MACFAST at the event.



**PROJECT IMPLEMENTATION AND ROLE OF THE COLLEGE**

- Identify the beneficiaries.
- Organize awareness programs and career counselling.
- Identify and interact with the target institutions where the students are accommodated.
- Provide accommodation facilities for the prospects.
- Effective utilization of fund.
- Accounting and Auditing.

## CURRENT STATUS:

As an initial step towards the project, the MACFAST team had visited two tribal colonies in Pathanamthitta district namely Kattachira and Naranammoozhy to select the beneficiaries. Almost 12 girls are selected, and we have already provided the initial support to five of them. Under this project,

- 3 students are accommodated for nursing at Lourdes Matha School of Nursing, Pacha Chekkidikadu, Edathua.
- One student has joined for MBA at MACFAST
- One student is accommodated for Medical entrance coaching at Darsana Academy, Bodhana, Tiruvalla.

## FUTURE PROSPECTIVE:

The project team aims to come out with the success stories of these girls in the near future.

**PROUD MOMENT OF MACFAST PUBLISHED IN NEWSPAPERS FOR WINNING THE United Nations Academic Impact (UNAI) in International Diversity Contest 2015**



15
www.manoramaonline.com/yu
യുവ
2015
ജൂൺ 25 വ്യാഴം PTA

യുഎൻ ബഹുമതി: പ്രഖ്യാപനം നാളെ ന്യൂയോർക്കിൽ

# രത്നം!

അരുൺ എഴുത്തച്ഛൻ

പത്തനംതിട്ട ജില്ലയിൽ കാടിനോടു ചേർന്നു കിടക്കുന്ന രണ്ടു ഗ്രാമങ്ങളിലെ കുട്ടികൾ ഇനി അവരുടെ സ്വപ്നങ്ങളിലേക്കു നടന്നടുക്കും; അതും ഐക്യരാഷ്ട്ര സംഘടനയുടെ സഹായത്തോടെ. അതിനു വഴിയൊരുക്കാനാവുന്നതിന്റെ സന്തോഷത്തിലാണു തിരുവല്ല മാക്ഫാസ്റ്റ്. പിന്നാക്കാവസ്ഥയിലുള്ള പെൺകുട്ടികളെ ശാക്തീകരിക്കുന്നതിനായി കോളജ് തയാറാക്കിയ 'വനിതാരത്ന' പരിപാടി യുഎൻ അക്കാദമിക് ഇംപാക്റ്റും ഇറ്റലിയിലെ അൺഹേറ്റ് ഫൗണ്ടേഷനും ചേർന്നു നടത്തിയ മൽസരത്തിൽ മികച്ച പത്തു പ്രോജക്ടുകളിലൊന്നായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ്.

120 രാജ്യങ്ങളിൽനിന്നുള്ള പ്രോജക്ടുകളിൽനിന്നാണു മാക്ഫാസ്റ്റിന് ഈ നേട്ടം. ഇന്ത്യയിൽനിന്ന് അർഹമായ ഏക പ്രോജക്ടും ഇതാണ്. 20,000 യൂറോ ആണു സമ്മാനത്തുക. അതായത്, 15 ലക്ഷം രൂപ. നാളെ ന്യൂയോർക്കിൽ അംഗീകാരം പ്രഖ്യാപിക്കും.

ഉന്നതവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെപ്പറ്റി കോളനികളിൽ ബോധവൽക്കരണം, ഉന്നത പരീക്ഷകൾക്കു തയാറെടുക്കുന്നതിനുള്ള പരിശീലനം, പ്രഫഷനൽ വിദ്യാഭ്യാസത്തിലൂടെ വനിതകളുടെ ശാക്തീകരണം എന്നിവയാണു പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ചിറ്റാർ പഞ്ചായത്തിലെ കട്ടച്ചിറ, നീലിപിലാവ്, വെച്ചൂച്ചിറ പഞ്ചായത്തിലെ നാറാണംമൂഴി എന്നിവിടങ്ങളിൽനിന്ന് 20 പേരെ ഇവർ ഉന്നതവിദ്യാഭ്യാസം നൽകാനായി കണ്ടെത്തിക്കഴിഞ്ഞു.

പത്തനംതിട്ട ചിറ്റാർ ഹയർ സെക്കൻഡറി സ്കൂളിലെ പി. കെ. അനന്തു എന്ന പ്ലസ് ടു ഹ്യുമാനിറ്റീസ് വിദ്യാർഥി പൊലീസ് സ്റ്റേഷനിൽ മാറിമാറി വരുന്ന എസ്ഐമാരെയെല്ലാം പോയി പരിചയപ്പെട്ട് പൊലീസിനെക്കുറിച്ചു പഠിച്ചതു വെറുതെയായില്ല! ഭാവിയിൽ ഐപിഎസ് എടുക്കണമെന്ന അനന്തുവിന്റെ മോഹത്തിനൊപ്പം നിൽക്കാൻ ഇനി മാക്ഫാസ്റ്റ് ഉണ്ട്. സാമ്പത്തിക പ്രയാസം മൂലം മാറ്റിവച്ച, ഡോക്ടർ ആകണമെന്ന മോഹം ഒന്നുകൂടി പൊടിതട്ടിയെടുക്കുകയാണ്, ഇതേ സ്കൂളിലെ പ്ലസ് ടു സയൻസ് വിദ്യാർഥിനി ശരണ്യ മോഹൻ. അവർ മാത്രമല്ല, പണമില്ലാത്തതുകൊണ്ടു സ്വപ്നങ്ങൾ മാറ്റിവച്ച ബാക്കിയുള്ളവരും ഇപ്പോൾ നിരാശയിൽനിന്നു കരകയറുകയാണ്. സ്വപ്നങ്ങളിൽ ഇനി ഒറ്റയ്ക്കല്ലെന്ന് അവർക്കും തോന്നുന്നു. അസി. പ്രഫസർ ഏയ്ഞ്ചൽ ജോർജ് ആണ് പ്രോജക്ട് തയാറാക്കിയിരിക്കുന്നത്. പ്രിൻസിപ്പൽ ഫാ. പ്രദീപ് വാഴത്തറമലയിൽ, കോളജ് ഡപ്യൂട്ടി ഡയറക്ടർ സനീഷ് വർഗീസ്, അസി. പ്രഫസർ ഷിബു ഇട്ടി മാത്യു, സുദീപ് ചന്ദ്രമന എന്നിവരും പ്രോജക്ടിനു നേതൃത്വം നൽകുന്നു.

മാക്ഫാസ്റ്റ് പ്രിൻസിപ്പൽ ഫാ. പ്രദീപ് വാഴത്തറമലയിലും വനിതാരത്ന പ്രോജക്ട് പ്രവർത്തകരും ചിറ്റാർ കട്ടച്ചിറയിലെ പെൺകുട്ടികളോടൊപ്പം

# തിരുവല്ല മാക്ഫാസ്റ്റ് കോളജിന് യു.എൻ അംഗീകാരം

● മുപ്പതിലേറെ രാജ്യങ്ങൾ പങ്കെടുത്ത മത്സരത്തിൽ വനിതാ ശാക്തീകരണ മേഖലയിൽനിന്ന് തെരഞ്ഞെടുത്ത ഏക പദ്ധതി മാക്ഫാസ്റ്റിന്റേതാണ്

**കോട്ടയം**: ആദിവാസി-ദലിത് വിദ്യാർഥിനികളുടെ ഉന്നമനത്തിനായി തിരുവല്ല മാക്ഫാസ്റ്റ് കോളജ് ആവിഷ്കരിച്ച 'വനിത രത്ന' പദ്ധതിക്ക് യു.എൻ അംഗീകാരം. ഐക്യരാഷ്ട്ര സഭയുടെ അക്കാദമിക് ഇംപാക്ടും ഇറ്റലി ആസ്ഥാനമായി പ്രവർത്തിക്കുന്ന അൺഹേറ്റ് ഫൗണ്ടേഷനും സംയുക്തമായി നടത്തിയ ഡൈവേഴ്സിറ്റി കോണ്ടസ്റ്റിലാണ് മാക്ഫാസ്റ്റ് ചരിത്രനേട്ടം സ്വന്തമാക്കിയത്.

മുപ്പതിലേറെ രാജ്യങ്ങൾ പങ്കെടുത്ത മത്സരത്തിൽ വനിതാശാക്തീകരണ മേഖലയിൽനിന്ന് തെരഞ്ഞെടുത്ത ഏക പദ്ധതി മാക്ഫാസ്റ്റിന്റേതാണ്. 25,000 യൂറോയാണ് (ഉദ്ദേശം 15 ലക്ഷം രൂപ) സമ്മാനത്തുക.

പത്തനംതിട്ട ജില്ലയിലെ കട്ടച്ചിറ, കുരുമ്പൻമൂഴി എന്നിവടങ്ങളിലെ തെരഞ്ഞെടുക്കുന്ന വിദ്യാർഥിനികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു പുതുവഴി കാണിക്കാൻ ലക്ഷ്യമിട്ടാണ് പദ്ധതിയെന്ന് കോളജ് പ്രിൻസിപ്പൽ ഫാ. പ്രദീപ് വാഴത്തറമലയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഉന്നതവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് ആദിവാസി, പിന്നാക്ക കോളനികളിൽ ബോധവത്കരണം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ഉന്നതപരീക്ഷാ പരിശീലനം, പ്രഫഷനൽ വിദ്യാഭ്യാസത്തിലൂടെ ആദിവാസി വനിതകളുടെ തൊഴിൽസാധ്യതകൾ വർധിപ്പിക്കൽ തുടങ്ങിയവ പദ്ധതി ലക്ഷ്യമിടുന്നു.

തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്ക് ഉന്നതപഠനത്തിനുള്ള സൗകര്യങ്ങളെല്ലാം കോളജ് ഒരുക്കും. സിവിൽ സർവിസ് പരീക്ഷകളിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്ക് ഇതിനുള്ള പരിശീലനം നൽകും. 20 വിദ്യാർഥിനികളെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. നിലവിൽ 12 പേരെ തെരഞ്ഞെടുത്ത് കഴിഞ്ഞു.

ഏഴ് വർഷമാകും പദ്ധതിയുടെ കാലയളവ്. അസി. പ്രഫസർ ഏഞ്ചൽ ജോർജിന്റെ നേതൃത്വത്തിലാണ് പദ്ധതി തയാറാക്കിയത്. രൂപരേഖ തയാറാക്കാൻ കോളജ് ഡപ്യൂട്ടി ഡയറക്ടർ സനീഷ് വർഗീസ്, അസി. പ്രഫസർ ഷിബു ഇട്ടി മാത്യു എന്നിവരും സഹകരിച്ചു.

മോറിയ ചൈൽഡ് ഡവലപ്മെന്റ് സെന്റർ, റേഡിയോ മാക്ഫാസ്റ്റ് എന്നിവരുടെ സഹകരണത്തോടെയാണ് യോഗ്യരായ വിദ്യാർഥിനികളെ കണ്ടെത്തിയത്. പ്രഫ. സനീഷ് വർഗീസ്, ഷിബു ഇട്ടി മാത്യു, ഏഞ്ചൽ ജോർജ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.